# CHAPTER 2

സഭയ്ക്കുള്ളിൽ എപ്രകാരം പെരുമാറണം? (Conduct in CHURCH)

2:1, 2 സഭ പ്രാർത്ഥിക്കണം.

സഭയുടെ പ്രാർത്ഥനയിൽ എന്തെല്ലാം ഉണ്ടായിരിക്കണം?

ഇതെല്ലാം ഒന്നോടൊന്നു ചേർന്നുപോകുന്ന വിഷയങ്ങൾ

പ്രാർത്ഥനയോടും യാചനയോടും ചേർന്ന് സ്തോത്രവും സ്തുതിയും

ആർക്കെല്ലാംവേണ്ടി പ്രാർത്ഥിക്കണം? സകല മനുഷ്യർക്കുംവേണ്ടി. (for all men) മാത്രമല്ല-രാജാക്കൻമാർക്കും സകല അധികാരസ്ഥൻമാർക്കുംവേണ്ടി പ്രാർത്ഥിക്കണം.

വി. പൗലൂസ് ഇതെഴുതുമ്പോൾ റോമിലെ സ്ഥിതി വളരെ മോശമായിരുന്നു.

NERO ചക്രവർത്തിയുടെ ഭരണവൈകല്യം റോമാ സാമ്രാജ്യത്തിന്റെ കെട്ടുറപ്പിനെ സാരമായി ബാധിച്ചകാലം ആയിരുന്നു.

AD 64 July മാസം റോമിൽ തീയിട്ടതിനുശേഷം ആ കുറ്റം മുഴുവനും ക്രിസ്ത്യാനികളുടെമേൽ കെട്ടിവച്ചു. സഭയുടെ മേലുള്ള പീഢനം വർദ്ധിച്ചു.

അനേക വിശ്വാസികൾ ക്രിസ്തുവിന്റെ നാമം നിമിത്തം മരിക്കേണ്ടിവന്നു.

തടവിൽനിന്നും ഒന്നാം പ്രാവശ്യം പുറത്തുവന്ന പൗലൂസിന് റോമിലെ സ്ഥിതി നന്നായി അറിയുമായിരുന്നു. അതിനാലത്രെ സഭയോട് രാജാക്കന്മാർക്കുവേണ്ടിയും അധികാരസ്ഥൻമാർക്കുവേണ്ടിയും പ്രാർത്ഥിക്കാനായി പൗലൂസ് പ്രേരിപ്പിച്ചത്.

കെട്ടുറുപ്പുള്ളതും, വ്യക്തികളുടെ വിശ്വാസവിഷയങ്ങളിൽ ഇടപെടാത്തതുമായ ഒരു ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരാനുള്ള ആഗ്രഹം ഇതിൽ നിഴലിക്കുന്നു.

വിശ്വാസികൾ സമാധാനമായി ജീവിക്കണമെങ്കിൽ അതു ആവശ്യമായിരുന്നു.

വിശുദ്ധിയിലും ദൈവഭയത്തിലും സമാധാനമായി പാർക്കാൻ ഉറപ്പുള്ള ഒരു ഭരണം തീർച്ചയായും ആവശ്യം. ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികൾ വലിയ പീഢനത്തിലൂടെ കടന്നുപോയി.

"ക്രിസ്തുവിനുവേണ്ടി മരിക്കാൻ" സാഹചര്യം നിറയെ ഉണ്ടായിരുന്ന കാലം. എന്നാൽ ക്രിസ്തുവിനുവേണ്ടി വിശ്വാസികൾ ജീവിക്കുന്നത് സഭയുടെ വളർച്ചയ്ക്കു കൂടുതൽ പ്രയോജനം ചെയ്യും എന്ന് വി. പൗലൂസിന് അറിയാമായിരുന്നു.

2:3 സകല മനുഷ്യർക്കുംവേണ്ടി പ്രാർത്ഥിക്കുക എന്നത് ദൈവസന്നിധിയിൽ സ്വീകാര്യമായ വിഷയം തന്നെ. അതു നല്ലതു. അതു ദൈവത്തിനു പ്രസാദകരം.

2:4 നമ്മുടെ പ്രാർത്ഥനകൾ ദൈവഹിതത്തിനു യോജിച്ചതാകുമ്പോൾ ഉത്തരം വേഗം ഉണ്ടാകും. ദൈവത്തിന്റെ വെളിപ്പെടുത്തിയ ഹിതമത്രെ സകലമനുഷ്യരും രക്ഷിക്കപ്പെടണം എന്നത്.

1John 5:14 *അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു.*

2 Pet 3:9 *ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു.*

ദൈവം ആഗ്രഹിക്കുന്നു ആരും നശിച്ചു പോകരുത് - എല്ലാവരും രക്ഷിക്കപ്പെടണം. യേശുക്രിസ്തുവിൻ വരവു താമസിക്കുന്നത് എല്ലാവരും രക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്നതിനാലാണ്.

ദൈവം ആഗ്രഹിക്കുന്നു - എല്ലാവരും രക്ഷിക്കപ്പെടണം

- ഏവരും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തണം.

www.gospel.sajacobsreviews.com

fleettech@gmail.com

2:5 ദൈവം ഒരുവൻ. ദൈവം ഏക സത്യദൈവം. 'പിതാവും പുത്രനും പരിശുദ്ധാത്മാവും' എന്ന ഏക സത്യദൈവം. 'തൃത്വം' Trinity - ധാരാളം സംശയങ്ങളും വിമർശനങ്ങളും തൃത്വത്തെപ്പറ്റി പറയുമ്പോൾ നാം കേൾക്കും. കേവലം സൃഷ്ടി മാത്രമായിരിക്കുന്ന നാം സൃഷ്ടിതാവിനെ വിശകലനം ചെയ്യാൻ എങ്ങനെ സാധിക്കും. ഇതിനെ മനുഷ്യന്റെ ചിന്തയുടെ പരിമിതിയിൽ വിവരിക്കാൻ സാധ്യമല്ല. ഒറ്റ ഉത്തരമേ ഞാൻ കാണുന്നുള്ളൂ. ദൈവത്തിന് സകലതും സാധ്യം.

'തൃത്വത്തിൽ' ഏകത്വം ദൈവത്തിനു കഴിയും. ആത്മാവാം ദൈവത്തിന് അതു സാധ്യം. അതിനെ ചോദ്യം ചെയ്യാൻ നമുക്കു, നമ്മുടെ ചിന്തയ്ക്കു പരിമിതിയുണ്ട്. നാം വെറും ജഡികർ. അതിനെ അങ്ങനെതന്നെ വിശ്വസിക്കുക. നമുക്ക് ചെയ്യേണ്ടത് അത്രമാത്രം.

ദൈവം ഏകൻ തന്നെ. ദൈവത്തിന്റെ വചനം അങ്ങനെ പഠിപ്പിക്കുന്നു. നമുക്ക് അങ്ങനെ പഠിക്കാം. ദൈവത്തിൽനിന്നും പാപം മൂലം അന്യപ്പെട്ടുപോയ മനുഷ്യനെ വീണ്ടെടുക്കുവാൻ ദൈവം തന്നെ "മനുഷ്യവേഷം" ധരിച്ച്, ജഡം ധരിച്ച് ഈ ഭൂമിയിൽ വന്നു ജനിച്ച്, ജീവിച്ച്, യാഗമായി സ്വയം അർപ്പിച്ച്, നമ്മുടെ മധ്യസ്ഥനായിത്തീർന്നു.

ഈ യോഗ്യത മറ്റാർക്കും claim ചെയ്യാൻ കഴിയില്ല. യേശു ഈ സ്ഥാനത്തിനു പൂർണ്ണ യോഗ്യൻ. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഒരേ ഒരു മധ്യസ്ഥൻ. വേറാരും ഇടയിൽ വേണ്ട. യേശുമാത്രം മതി 'ക്രിസ്തുയേശു' നമ്മെ ദൈവത്തോടു നിരപ്പിപ്പാൻ 'മധ്യസ്ഥൻ' ആയി വന്നു.

2:6 നാം അടിമകൾ ആയിരുന്നു. പാപം മൂലം സാത്താന്റെ അടിമകൾ.

അടിമയെ വീണ്ടെടുക്കണമെങ്കിൽ അടിമയുടെ യജമാനന് 'വീണ്ടെടുപ്പുവില' കൊടുക്കണമായിരുന്നു. നമ്മുടെ വീണ്ടെടുപ്പിനു വേണ്ടിവന്ന വില 'ക്രിസ്തുയേശു' കൊടുത്തു.

യേശുക്രിസ്തുവിൻ പുണ്യാഹരക്തം തന്നെ. (Heb. 1:1-2, Gal 4:4-5)

Heb. 1:1-2 *ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർമുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിന്നും അവകാശിയാക്കി വെച്ചു; അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി.*

Gal 4:4-5 *എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചയച്ചതു അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലെക്കു വാങ്ങീട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നേ.*

നമ്മുടെ സകല പാപക്കറയും മാറ്റുവാൻ യേശുവിൻ രക്തത്തിനു കഴിയും.

വിശ്വാസത്താൽ നാം അതു ഏറ്റെടുക്കുമ്പോൾ, യേശു നമ്മുടെ രക്ഷകൻ ആയിത്തീരുന്നു.

യേശു നമ്മെ പിതാവോടു നിരപ്പിപ്പാൻ മധ്യസ്ഥൻ ആയിത്തീരുന്നു.

ദൈവത്തിനും മനുഷ്യർക്കുമിടയിൽ മധ്യസ്ഥൻ ഒരുവൻ മാത്രം - നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെ.

John 14:6 *ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.*

Heb 4:14 *ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽകൂടി കടന്നുപോയോരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്കു ഉള്ളതുകൊണ്ടു നാം നമ്മുടെ സ്വീകാരം മുറുകെപ്പിടിച്ചുകൊൾക.*

യേശു നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതൻ.

2:7 തക്കസമയത്ത് ദൈവം തന്റെ പുത്രനെ അയച്ചു. കാലത്തികവിങ്കലാണയച്ചത്. ഈ രക്ഷയുടെ സുവിശേഷം തക്കസമയത്തുതന്നെ ലോകമെമ്പാടും അറിയിക്കണം. ഈ വലിയ ദൗത്യം ആണ് വി. പൗലൂസിന്മേലുള്ളത്.

fleettech@gmail.com

ദൈവം തന്നെ നേരിട്ടുവിളിച്ച് അപ്പൊസ്തലനാക്കിയ വ്യക്തിയാണ് വി. പൗലൂസ്. ഈ സുവിശേഷം യഹൂദജാതിയിൽ ഒതുക്കിനിർത്താനല്ല.

സകല ജാതികളെയും ശിഷ്യരായികൊൾക എന്ന വലിയ ഉത്തരവാദിത്വം തന്റെമേൽ ഉണ്ടെന്നുള്ള വലിയ ബോധ്യം വി. പൗലൂസിനെ ഭരിച്ചു.

'ജാതികളുടെ അപ്പൊസ്തലൻ' എന്നുള്ള വിശേഷണം വി. പൗലൂസ് സ്വയം ഏറ്റെടുക്കുകയും അതിനു ചേർന്നവിധം ജാതികളുടെ ഇടയിൽ വിശ്രമമില്ലാതെ അധ്വാനിക്കുകയും ചെയ്യുന്നു.

എഫേസ്യാ സഭയിൽ 'രക്ഷ' യഹൂദനുമാത്രം എന്നു ചിന്തിച്ചിരുന്നവരെ രക്ഷയുടെ 'സാർവ്വത്രികത്വം' മനസ്സിലാക്കികൊടുക്കുക എന്ന ലക്ഷ്യവും ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നു.

## Instruction Concerning Men & Women

ഒന്നാം നൂറ്റാണ്ടിലെ സഭ എങ്ങനെ ആരാധിച്ചിരുന്നു?

റോമിൽ 'Catacombs' സന്ദർശിച്ചാൽ ഭൂമിയുടെ അടിയിൽ അനേക മൈൽ ദൂരത്തിൽ അരണ്ട വെളിച്ചത്തിൽ ചരിത്രം ഉറങ്ങുന്ന ദൃശ്യം നമുക്കു കാണാം.

ലക്ഷക്കണക്കിനു വിശ്വാസികളെ ക്രൂരമായി പീഢിപ്പിച്ചുകൊന്നതിന്റെ അടയാളം അവരുടെ ശവകുടീരങ്ങളിൽ കാണാം. റോം നഗരത്തിന്റെ പ്രാന്തപ്രദേശത്താണിത്.

കൈ ഉയർത്തി വിശ്വാസികൾ പ്രാർത്ഥിക്കുന്ന രംഗം പല ഭിത്തികളിലും വരച്ചുവെച്ചിരിക്കുന്നു.

ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തീയസഭയെ നയിച്ചവർ കരം ഉയർത്തി പ്രാർത്ഥിക്കുന്നവർ ആയിരുന്നു. കൈകൾ വിശുദ്ധമായിരിക്കണം. കൈ മാത്രമല്ല. ജീവിതം മുഴുവനും വിശുദ്ധി പാലിക്കുന്നവർ വേണം കരമുയർത്തി പ്രാർത്ഥിച്ചു സഭയെ നയിക്കുവാൻ.

കോപിക്കുന്നവർ ആകരുത്. വാഗ്വാദത്തിലൂടെ സഭയെ നയിപ്പാൻ കഴിയില്ല. സഹവിശ്വാസികളുമായുള്ള ബന്ധം ഊഷ്മളമായിരിക്കണം.

പഴയനിയമത്തിൽ കൈകൾ ഉയർത്തി പ്രാർത്ഥിക്കുന്നതു പലയിടത്തും കാണാം.

1Kings 8:22 *അനന്തരം ശലോമോൻ യഹോവയുടെ യാഗപീഠത്തിൻമുമ്പിൽ യിസ്രായേലിന്റെ സർവ്വസഭയുടെയും സമക്ഷത്തു നിന്നുകൊണ്ടു ആകാശത്തിലേക്കു കൈമലർത്തി പറഞ്ഞതു എന്തെന്നാൽ:*

ശലോമോൻ ആകാശത്തിലേക്കു കൈ മലർത്തി പ്രാർത്ഥിക്കുന്നു.

2Chronicles 6:13 *ശലോമോൻ അഞ്ച് മുഴം നീളവും അഞ്ചു മുഴം വീതിയും മൂന്നു മുഴം ഉയരവുമായിട്ടു താമ്രംകൊണ്ടു ഒരു പീഠം ഉണ്ടാക്കി പ്രാകാരത്തിന്റെ നടുവിൽ വെച്ചിരുന്നു; അതിൽ അവൻ കയറി നിന്നു യിസ്രായേലിന്റെ സർവ്വസഭെക്കും മുമ്പാകെ മുട്ടുകുത്തി ആകാശത്തിലേക്കു കൈമലർത്തി പറഞ്ഞതു എന്തെന്നാൽ:*

Ezra 9:5 എസ്രാ പുരോഹിതൻ യഹോവയിങ്കലേക്കു കൈമലർത്തി പ്രാർത്ഥിക്കുന്നു.

*സന്ധ്യായാഗത്തിന്റെ സമയത്തു ഞാൻ എന്റെ ആത്മതപനം വിട്ടു എഴുന്നേറ്റു കീറിയ വസ്ത്രത്തോടും മേലങ്കിയോടുംകൂടെ മുട്ടുകുത്തി എന്റെ ദൈവമായ യഹോവയിങ്കലേക്കു കൈമലർത്തി പറഞ്ഞതെന്തെന്നാൽ:*

Psalm 28:2 *ഞാൻ എന്റെ കൈകളെ വിശുദ്ധാന്തർമ്മന്ദിരത്തിങ്കലേക്കുയുയർത്തി നിന്നോടു നിലവിളിക്കുമ്പോൾ എന്റെ യാചനയുടെ ശബ്ദം കേൾക്കണമെ.*

Psalm 141:2 *എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തുന്നതു സന്ധ്യായാഗമായിത്തീരട്ടെ.*

Lamentation 2:19 നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി അവങ്കലേക്കു കൈ മലർത്തുക.

*രാത്രിയിൽ, യാമാരംഭത്തിങ്കൽ എഴുന്നേറ്റു നിലവിളിക്കുക; നിന്റെ ഹൃദയത്തെ വെള്ളം*

www.gospel.sajacobsreviews.com

fleettech@gmail.com

*പോലെ കർത്തൃസന്നിധിയിൽ പകരുക; വീഥികളുടെ തലെക്കലൊക്കെയും വിശപ്പു കൊണ്ടു തളർന്നുകിടക്കുന്ന* നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി അവങ്കലേക്കു കൈ മലർത്തുക.

2:9 സഹോദരിമാർക്കുള്ള ദൂത് നമ്മെത്തന്നെ എങ്ങനെ അലങ്കരിക്കണം. പുറമെയുള്ള അലങ്കാരമല്ല ദൈവസന്നിധിയിൽ വേണ്ടത്. അകമെയുള്ള വിശുദ്ധി നിറഞ്ഞ അലങ്കാരം. വേഷം ശരീരം മുഴുവനും നന്നായി മറയ്ക്കുന്നതു ഉത്തമം. അതേസമയം ലളിതവും. ആരാധനയ്ക്കു യോജിക്കുന്ന വസ്ത്രധാരണം ദൈവസന്നിധിയിൽ ഉചിതം തന്നെ.

2:10 എഫെസ്യ പട്ടണം മറ്റുള്ള ഗ്രീക്കു പട്ടണങ്ങളെപ്പോലെ തന്നെ ജാതീയ വിഗ്രഹാരാധനാ കേന്ദ്രം ആയിരുന്നു.

ദുർമ്മാർഗ്ഗ ജീവിതരീതിയും അതിലേക്കു പുരുഷന്മാരെ ആകർഷിക്കുന്ന വേഷധാരണവും ഇവിടെ വിവരിക്കുന്നു 'പിന്നിയ തലമുടിയും, പൊന്നു, മുത്തു, വിലയേറിയ വസ്ത്രം' ഇവയൊക്കെ അതിന്റെ ഭാഗങ്ങളായിരുന്നു എന്നുവേണം കരുതാൻ.

ക്രിസ്തീയ വിശ്വാസി ഈ ജാതീയ ആചാരങ്ങളെ അനുകരിക്കരുത്. അതു ദൈവസഭയിൽ വേണ്ട. വിശ്വാസി, നീ യേശുവിന്റെ പൈതൽ. ആ 'വ്യത്യാസം' ലോക നടപ്പിന് ചേർന്നതല്ല. You are called out to be different so be different in your external appearance too.

1 Peter 3:3 *നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല,*

2:11 ദൈവസഭയിൽ സഹോദരിമാർ എങ്ങനെ പ്രവർത്തിക്കണം.

വി. പൗലൂസ് തിമൊഥിയെ ഓർപ്പിക്കുകയാണ്.

ഒരു സ്ത്രീ സഥലം സഭയുടെ നേതൃസ്ഥാനത്ത്, പുരുഷന്മാരെ നയിക്കുന്ന നിലയിൽ, വരുന്നതിനെ വി. പൗലൂസ് എതിർത്തു തന്നെയാണ് എഴുതിയിരിക്കുന്നത്.

ഒന്നാം നൂറ്റാണ്ടിൽ തീർച്ചയായും സഭ അങ്ങനെതന്നെയാണു നടന്നത്.

പുരുഷന്റെമേൽ അധികാരം നടത്തുവാൻ സ്ത്രീയെ അനുവദിക്കുന്നില്ല.

'സാവധാനത' എന്നു പറയുമ്പോൾ സ്ത്രീ സഭയിൽ ഒരക്ഷരം പോലും മിണ്ടരുത് എന്നു കരുതണ്ട.

1 Peter 3:4 *'സൗമ്യതയും സാവധാനതയുമുള്ള മനസ്സു' എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു.*

സഭയുടെ ആത്മികവർദ്ധനയിൽ, ആരാധനയിൽ, സ്തോത്രം അർപ്പിക്കുന്നതിൽ, പ്രാർത്ഥിക്കുന്നതിൽ ഈ വക ഒന്നിലും നിന്നും സ്ത്രീയെ ആരും വിലക്കിയിട്ടില്ല.

സ്ത്രീകളുടെ സാന്നിധ്യം, അവരുടെ സാക്ഷ്യജീവിതം ഏതു സഭയ്ക്കും ആത്മീക വർദ്ധനയ്ക്കു മുഖാന്തരം ആകും.

2:12 സ്ത്രീയെ വിലക്കിയിരിക്കുന്ന ഒരേ ഒരു വിഷയം 'പുരുഷന്റെ മേൽ അധികാരം നടത്തരുത്' എന്നു മാത്രം. ഇതു സഭയിൽ മാത്രമല്ല, വീട്ടിലും പിന്തുടർന്നാൽ നന്ന്.

2:13 ഇത്രയും ഒക്കെ ഉപദേശിച്ചപ്പോൾ വി. പൗലൂസ് അതിന്റെ കാരണംകൂടി പറഞ്ഞു.

ആദം ആദ്യം നിർമ്മിക്കപ്പെട്ടു. പിന്നെ ഹവ്വ.

ഇതാണ് ദൈവത്തിന്റെ design

ഹവ്വായെ നിർമ്മിച്ചതു ആദമിനു 'തക്ക തുണ' ആയിരിപ്പാനാണ്.

ഈ റോളിൽ ഹവ്വാ നിൽക്കണം എന്നുള്ളതാണ് തമ്പുരാന്റെ design.

Be a good help to your husband. Please do not try to dominate over him.

സഭയിലും പ്രിയ സഹോദരിമാരെ - തക്ക തുണകളായി നിൽക്കൂ.

fleettech@gmail.com

www.gospel.sajacobsreviews.com

വി. പൗലൂസ് കൊരിന്ത്യ ലേഖനത്തിൽ എഴുതി 'സ്ത്രീ പുരുഷന്റെ തേജസ്സ്' ആകുന്നു എന്ന്. (1Cor 11:7-9) അങ്ങനെ തന്നെ നിൽക്കൂ. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

1Cor 11:7-9 *പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതില്ല. സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു. പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ സ്ത്രീ പുരുഷനിൽനിന്നത്രെ ഉണ്ടായതു. പുരുഷൻ സ്ത്രീക്കായിട്ടല്ല സ്ത്രീ പുരുഷനായിട്ടല്ലയോ സൃഷ്ടിക്കപ്പെട്ടതു.*

2:14 ദൈവം ഉദ്ദേശിച്ച നിലയിൽ ഹവ്വ നിൽക്കാതെ, കുടുംബത്തിലെ തീരുമാനം ഹവ്വ എടുത്തപ്പോൾ എന്തുണ്ടായി? സ്ത്രീ കണ്ടു, ഫലം പറിച്ചു തിന്നു, ഭർത്താവിനും കൊടുത്തു.

മനുഷ്യന്റെമേൽ ശാപം വന്നു ഭവിച്ചു.

The creation order is reversed and woman took the leadership. What is the result? Curse!!

എന്നാൽ പ്രിയപ്പെട്ട സഹോദരീ. നിന്നെ ദൈവം തള്ളിക്കളഞ്ഞിട്ടില്ല.

കുടുംബത്തിലുള്ള നിന്റെ സ്ഥാനം വളരെ വലുതാണ്.

ഒരു ഭാര്യ എന്ന നിന്റെ സ്ഥാനം, ഒരു അമ്മ എന്ന നിന്റെ സ്ഥാനം ഒരുത്തർക്കും അപഹരിക്കാൻ കഴിയില്ല.

നിന്റെ വിശ്വാസം മക്കളിലേക്കു പകരൂ.

നിന്റെ വിശ്വാസത്തിൽ നിന്റെ ഭർത്താവിനുതന്നെ ഒരു വലിയ തുണയായി നീ നിൽക്കൂ.

വിശുദ്ധിയിലും സ്നേഹത്തിലും വിശ്വാസത്തിലും ഒരു പുതുതലമുറയെ അഭ്യസിപ്പിച്ചു കൊണ്ടുവരുന്ന ഒരു വലിയ വേല നിന്നിലൂടെ നടക്കട്ടെ.

God's enormous blessing awaits you

Remain in 'God's design' of your role as wife, mother and faithful believer.

www.gospel.sajacobsreviews.com